LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയ അധിക ഉത്തരവാദിത്വങ്ങൾ

11 [11] ശ്രീ. ഇ. എം. അഗസ്തി:
,, ഡി. സുഗതൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, എഴുകോൺ നാരായണൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 മാർച്ച് 31-ന് പ്ലാനിംഗ് വകുപ്പിൽ നിന്നിറക്കിയ ജി.ഒ. (എം.എസ്.) 40/2004-1 എന്ന ഉത്തരവിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എന്തെല്ലാം അധിക ഉത്തരവാദിത്വങ്ങളാണ് നൽകിയിട്ടുള്ളത്;

(ബി) ഈ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിനുള്ള അധിക വിഭവ സമാഹരണം നടത്തുന്നതിന് അവയ്ക്ക് എന്തെല്ലാം പുതിയ അധികാരങ്ങളാണ് നൽകിയിട്ടുള്ളത്;

(സി) ഈ അധികാരമുപയോഗിച്ച് സമാഹരിക്കുവാൻ കഴിയുന്ന വിഭവ ങ്ങൾകൊണ്ട് ഇപ്പോൾ അവയെ ഏൽപ്പിച്ചിട്ടുള്ള ഉത്തരവാദിത്വങ്ങൾ ഫലപ്രദമായി നിർവ്വഹിക്കുവാൻ കഴിയുമോ?

ഉത്തരം

(എ) 2004 മാർച്ച് 31-ന് പ്ലാനിംഗ് വകുപ്പിൽ നിന്നിറക്കിയ ജി.ഒ. (എം.എസ്.) 40/2004-1 എന്ന ഉത്തരവ് പത്താം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന മൂന്ന് വർഷങ്ങളിലേയ്ക്കുള്ള പരിഷ്ക്കരിച്ച ആസൂത്രണ മാർഗ്ഗരേഖയാണ്. ഇതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധിക ഉത്തരവാദിത്വങ്ങളൊന്നും (Functions) നൽകിയിട്ടില്ല.

(ബി ആന്റ് സി) ചോദ്യം ഉദിക്കുന്നില്ല.

വാർഷിക പദ്ധതികൾ

12 [12] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2004 വരെയുള്ള വാർഷിക പദ്ധതികളുടെ അടങ്കൽ തുക എത്രവീതമായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വാർഷിക പദ്ധതികളുടെ തുകയിൽ എത്ര ശതമാനം വീതം ചെലവഴിച്ചു;

(സി) ഇതിൽ ഓരോ വർഷവും വികസനത്തിനുവേണ്ടി ചെലവഴിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ;